സംവിധാനം തിരുവനന്തപുരത്ത് നടപ്പിലാക്കുന്നതാണ്. കൺട്രോൾറൂം പരിഷ്കരിച്ച് സിറ്റിയിലുണ്ടാകുന്ന ഓരോ കുറ്റകൃത്യങ്ങളും നേരിട്ട് മോണിറ്റർ ചെയ്യാനുള്ള സംവിധാനം ഉടൻ ആരംഭിക്കുന്നതാണ്. പോലീസിന്റെ പ്രസൻസ് അറിയില്ല, പക്ഷെ security will be available there. കൺട്രോൾ റൂമിലിരുന്ന് എല്ലാ കാര്യങ്ങളും അറിയാൻ കഴിയുന്ന നിലയിലേക്ക് പടിപടിയായി പോലീസ് സേനയുടെ പ്രവർത്തനങ്ങളെ മാറ്റുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരത്ത് ഈ സംവിധാനം ആരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. സി. എഫ്. തോമസ് : സർ, പല പ്രദേശങ്ങളിലും മയക്കു മരുന്നുമായി ബന്ധപ്പെട്ട റെയ്ഡുകൾ നടത്തേണ്ടത് എക്സൈസ് ഡിപ്പാർട്ട്മെന്റാണോ പോലീസ് ഡിപ്പാർട്ട്മെന്റാണോ എന്ന കാര്യത്തിൽ ഒരു നിശ്ചയമില്ല. അതുകൊണ്ട് ഈ രണ്ട് ഡിപ്പാർട്ടുമെന്റുകളെ തമ്മിൽ ഏകോപിപ്പിച്ച് ഇക്കാര്യത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്താൻ നിർദ്ദേശം നൽകുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇപ്പോൾ പോലീസും എക്സൈസും സംയുക്തമായാണ് അത്യാവശ്യ സന്ദർഭങ്ങളിൽ പ്രവർത്തിക്കുന്നത്. അത് കൂടുതൽ ശക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പോലീസിന്റെ പുതുക്കിയ ഔദ്യോഗിക ഫെയ്സ് ബുക്ക്/ ട്വിറ്റർ പേജുകൾ

3 (*573) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിന്റെ പുതുക്കിയ ഔദ്യോഗിക ഫെയ്സ് ബുക്ക് പേജ്, പുതിയ ട്വിറ്റർ പേജ് എന്നിവ നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സോഷ്യൽ മീഡിയ നൽകുന്ന നവമാദ്ധ്യമ സാധ്യതകൾ ക്രമസമാധാന പാലനത്തിനും കുറ്റാന്വേഷണത്തിനും എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത സംവിധാനംവഴി എന്തെല്ലാം വിവരങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) "Facebook.com/Kerala Police" എന്ന ഫെയ്സ് ബുക്ക് പേജും "Twitter.com/the Kerala Police" എന്ന ട്വിറ്റർ പേജും 31-2-2014-ന് നിലവിൽ വന്നിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് പോലീസ് ചീഫിന്റെ നിർദ്ദേശാനുസരണം മിക്ക ജില്ലകളിലും ഡിസ്ട്രിക്ട് പോലീസ് എന്ന പേരിലും ഫെയ്സ് ബുക്ക് പേജുകൾ തുടങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ഫോട്ടോകൾ, വീഡിയോ എന്നിവ അപ്‌ലോഡ് ചെയ്യാനും കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ പോലീസുമായി പങ്കുവയ്ക്കുന്നതിനും വിവിധ പോലീസ് സംവിധാനങ്ങൾ സംബന്ധിച്ച കാര്യങ്ങൾ അറിയുവാനും, പുതിയ ഫെയ്സ്ബുക്ക് പേജ്വഴി കഴിയും. പൊതുജനങ്ങൾക്കുള്ള സന്ദേശങ്ങളും പങ്കുവയ്ക്കേണ്ട പൊതുവിവരങ്ങളുടെ ലിങ്കുകളുമായാണ് ടിറ്റർ പേജ് നിലവിൽ വന്നിട്ടുള്ളത്. ഈ അക്കൗണ്ട് പിൻതുടരുന്നവർക്ക് പോലീസുമായി കുറ്റാന്വേഷണ ക്രമസമാധാനപാലനം സംബന്ധിച്ച വിവരങ്ങൾ, നിർദ്ദേശങ്ങൾ, അഭിപ്രായങ്ങൾ എന്നിവ പങ്കുവയ്ക്കാൻ കഴിയും.

(സി) പൊതുജനങ്ങൾക്കുള്ള സന്ദേശങ്ങൾ, പങ്കുവയ്ക്കേണ്ടതായ മറ്റ് പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെട്ട ലിങ്കുകളും പേജുകളും കാര്യക്ഷമമായ ക്രമസമാധാന പാലനത്തിന് ഉതകുംവിധം പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ഫോട്ടോകൾ, വീഡിയോകൾ, പിടികിട്ടാപ്പുള്ളികളുടെ ഫോട്ടോകൾ, ലുക്ക് ഔട്ട് നോട്ടീസ് എന്നിവ അപ്‌ലോഡ് ചെയ്യുന്നതിനും കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പോലീസുമായി പങ്കുവയ്ക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ഫെയ്സ് ബുക്ക് പേജ്, ടിറ്റർ അക്കൗണ്ട് എന്നിവ ഉപയോഗപ്പെടുത്തുന്നതുവഴി കുറ്റാന്വേഷണത്തിൽ ഫലപ്രദമായ പുരോഗതി കൈവരിക്കുവാൻ സാധിക്കുന്നതാണ്.

(ഡി) പൊതുജനങ്ങൾക്കുള്ള അടിയന്തരസന്ദേശങ്ങൾ, സ്ത്രീകൾ, മറ്റ് പൊതുജനങ്ങൾ തുടങ്ങിയവർക്ക് അടിയന്തരഘട്ടങ്ങളിൽ സമ്പർക്കം പുലർത്തേണ്ടവരുടെ ടെലിഫോൺ നമ്പരുകൾ എന്നിവ പോലീസിന്റെ ലിങ്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ് : സർ, ഓൺലൈൻവഴി ലഭിക്കുന്ന പരാതികളിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് ഇൻവെസ്റ്റിഗേഷൻ നടത്താനുള്ള കർശന നിർദ്ദേശം നൽകുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇപ്പോൾത്തന്നെ അങ്ങനെ ചെയ്യുന്നുണ്ട്. അത്തരം പരാതികളിൽ പോലീസ് ശക്തമായ നടപടികൾ എടുക്കുന്നുണ്ട്. ഓൺലൈനായി ധാരാളം പരാതികൾ ഇപ്പോഴും വന്നു കൊണ്ടിരിക്കുന്നുണ്ട്. പരാതിയുടെ സ്വഭാവമനുസരിച്ചുള്ള നടപടികളുമായി പോലീസ് മുന്നോട്ടുപോകുന്നതാണ്.

ശ്രീ. കെ. മുരളീധരൻ : സർ, പോലീസിന്റെ ഫെയ്സ് ബുക്ക് പേജുകളിലും മറ്റും പൊതുജനങ്ങൾക്ക് പോസ്റ്റ് ചെയ്യാവുന്ന കാര്യങ്ങളെ സംബന്ധിച്ച് ഒരു പൊതുമാനദണ്ഡം രൂപീകരിച്ചിട്ടുണ്ടോ; അല്ലെങ്കിൽ അനാവശ്യമായ പോസ്റ്റുകളും കമന്റ്സുകളും വരും. അതുകൊണ്ട് ഇതുസംബന്ധിച്ച് ഒരു പൊതുമാനദണ്ഡമുണ്ടാക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, തീർച്ചയായും പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബെന്നി ബെഹനാൻ : സർ, ഇന്ന് സോഷ്യൽ മീഡിയ വളരെ പവർ ഫുള്ളാണ്. എന്നാൽ അത് വളരെയധികം ദുർവിനിയോഗം ചെയ്യപ്പെടുന്നുണ്ട്. ഉദാഹരണമായി വെബ്സൈറ്റ് ഹാക്കിംഗ്, നെറ്റുവഴിയുള്ള ബ്ലാക്ക്മെയിൽ, ക്രെഡിറ്റ് കാർഡ് വഴിയുള്ള തട്ടിപ്പ്, എസ്.എം.എസ്. വഴിയുള്ള അപകീർത്തി പ്പെടുത്തൽ. സംസ്ഥാന തലത്തിൽ മാത്രമല്ല ദേശീയതലത്തിലും ഡിപ്ലോമാറ്റിക് ചാനൽ മുഖേന ഇത് ശ്രദ്ധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; അന്തർ ദേശീയ സേവനദാതാക്കൾക്ക് മ്യൂച്വൽ അസിസ്റ്റന്റ്സ് ട്രീറ്റി ആവശ്യപ്പെട്ടിട്ടുണ്ടോ ; ഇതിനുവേണ്ട നിയമനിർമ്മാണം നടപ്പാക്കിയിട്ടുണ്ടോ ; സൈബർ പോലീസ് സ്റ്റേഷൻ തൃക്കാക്കരയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇപ്പോൾ തിരുവന്തപുരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷനുണ്ട്. അടുത്തത് എറണാകുളത്തെ തൃക്കാക്കരയിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. പല സൈബർ കുറ്റകൃത്യങ്ങൾക്കും ആവശ്യമായ വിവരം അന്തർദ്ദേശീയ സേവനദാതാക്കളിൽനിന്നും ലഭിക്കാറില്ല. ഇന്ത്യക്ക് വെളിയിൽവച്ചുനടക്കുന്ന സൈബർ കുറ്റകൃത്യങ്ങളുടെ വിവരങ്ങൾ ലഭ്യമാകുന്നതിന് അന്തർദ്ദേശീയ സേവനദാതാക്കൾ മ്യൂച്വൽ ലീഗൽ അസിസ്റ്റന്റ് ട്രീറ്റി ആവശ്യപ്പെടാറുണ്ട്. അത് ദേശീയതലത്തിൽ കേന്ദ്രഗവൺമെന്റ് തന്നെ മറ്റ് രാജ്യങ്ങളുമായി ഡിപ്ലോമാറ്റിക് ചാനലിലൂടെ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യമാണ്. ഇതുസംബന്ധിച്ച് പാർലമെന്റിൽ ഒരു നിയമം പാസ്സാക്കേണ്ടിയിരിക്കുന്നു. സൈബർ കുറ്റകൃത്യങ്ങൾ തടയാനുള്ള സമഗ്രമായ ഒരു നിയമമാണ് ഇന്ന് ആവശ്യമായിട്ടുള്ളത്. ഇക്കാര്യത്തിനായി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തടവുകാർക്കുള്ള തൊഴിൽ പരിശീലനം

4 (*574) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാർക്ക് അനുയോജ്യമായ തൊഴിൽ പരിശീലനങ്ങൾ നൽകാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ശിക്ഷാ തടവുകാർക്ക് ജയിലുകളിൽ എന്തെല്ലാം തൊഴിലുകളാണിപ്പോൾ നൽകിവരുന്നത് ; അവർക്ക് വായനയ്ക്കും വിനോദത്തിനും തുടർ വിദ്യാഭ്യാസത്തിനുമുള്ള സൗകര്യങ്ങൾ നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly